പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1261 30.01.2018-ൽ മറുപടിക്ക്

## എച്ച് എസ് എസ് ടീച്ചർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

1

**ചോദ്യം**

ശ്രീ.എൽദോ എബ്രഹാം

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) എച്ച് എസ് എസ് ടീച്ചർ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളിലും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിഷയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

(എ) & (ബി) വിവിധ വിഷയങ്ങളുടെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി വ്യത്യാസമായതിനാൽ വിഷയം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ കെമിസ്ട്രി തസ്തികയിൽ ഒഴികെ മറ്റെല്ലാ വിഷയത്തിലും പി.എസ്.സി അഡ്വൈസ് ചെയ്ത എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കെമിസ്ട്രി തസ്തികയിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ള 4 ഒഴിവിലേയ്ക്കും ഒപ്പം 39 ഒഴിവിലേയ്ക്കും പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികളെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ.